**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5482** **03-11-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി താലൂക്ക് ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയുടെ കാഷ്വാലിറ്റി ബ്ലോക്കിന്റെ കെട്ടിട നിർമ്മാണത്തിനായി പതിനാല് കോടി രൂപ അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയുടെ കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിന് KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 13.64 കോടി രൂപയുടെ ഭരണാനുമതിയും 10.42 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തോയെന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള നിർദ്ദിഷ്ട സ്ഥലത്ത് സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടങ്ങൾ പൊളി ക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. സാങ്കേതിക അനുമതിയ്ക്കായുള്ള രേഖകൾ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| (സി) | പ്രസ്തുത പ്രവർത്തിയുടെ നിർവഹണ ഏജൻസി ഏതാണെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത പ്രവർത്തിയുടെ പദ്ധതി നിർവഹണ ഏജൻസിയായി കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ